(സി&ഡി) 18-4-2015-ൽ ചേർന്ന കൗൺസിലിന്റെ 22-ാം നമ്പർ തീരുമാനപ്രകാരം പത്രം മുഖേന പരസ്യം നൽകി പൊതുലേലം നടത്തുകയും കൗൺസിൽ നിശ്ചയിച്ച ഡെപ്പോസിറ്റിലും ഒരു ചതുരശ്ര മീറ്ററിന് 25 രൂപ നിരക്കിൽ നിന്നും ഏറ്റവും കൂടുതൽ നിരക്ക് നൽകുവാൻ തയ്യാറായ വ്യക്തികൾക്ക് മുറി അനുവദിക്കുകയുണ്ടായി. കരാർ കാലാവധി 3 വർഷവും, ഡെപ്പോസിറ്റ് 10 ലക്ഷം രൂപയുമാണ്. മുറികൾ അനുവദിച്ചവരുടെ/കരാറുകാരുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു :

| | | |
|---|---|---|
| 1 | എ.എച്ച് മുഹമ്മദ് നിസ്സാർ, അന്ത്രോളി പറമ്പിൽ, ഐ.സി.ഒ. ജംഗ്ഷൻ, ചങ്ങനാശ്ശേരി | വാടക 12,240 രൂപ |
| 2 | അഗസ്റ്റിൻ പി. വർഗ്ഗീസ്, പനച്ചിക്കൽ, ഐക്യ ഭാരതം അവലൂക്കുന്ന് | വാടക 12,000 രൂപ |
| 3 | ജോൺസൺ, മേലേവീട്ടിൽ, ചാത്തനാട് | വാടക 12,240 രൂപ |
| 4 | ബൈജു ജേക്കബ്, കണിയാംപറമ്പിൽ, സനാതനം വാർഡ്, ആലപ്പുഴ | വാടക 7,440 രൂപ |

## ആലപ്പുഴ നഗരസഭാ സ്റ്റേഡിയം കോപ്ലക്സിലെ മുറികൾ വാടകയ്ക്ക് നൽകിയത്

103 (1574) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരസഭാ സ്റ്റേഡിയം കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് നൽകുന്നതിന് അപേക്ഷകരുടെ മുൻഗണനാക്രമം സ്വീകരിച്ചത് എന്തു മാനദണ്ഡത്തിലായിരുന്നു;

(ബി) മുറികൾക്കായി അപേക്ഷ നൽകിയ തീയതി, അപേക്ഷകന്റെ പേരും മേൽവിലാസവും, മുറി അനുവദിച്ച തീയതി, മുറിയുടെ വിസ്തീർണ്ണം, വാടക എന്നിവ ക്രമത്തിൽ ലഭ്യമാക്കുമോ;

(സി) മുറികൾ അനുവദിച്ച കൗൺസിൽ തീരുമാനങ്ങളുടെ തീയതിയും മിനിറ്റ്സിന്റെ കോപ്പിയും ലഭ്യമാക്കാമോ;

(ഡി) 2014 മാർച്ച് 30 മുതൽ 2015 മാർച്ച് 30 വരെയുള്ള കാലയളവിൽ മുറി അനുവദിച്ചവർക്ക് കരാർ വയ്ക്കുന്നതിനായി എത്ര തുകയുടെ മുദ്രപത്രമാണ് ആവശ്യപ്പെട്ടിരുന്നത്; ഇത് ഏതെല്ലാം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലായിരുന്നു; പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉത്തരവ് പ്രകാരമല്ലെങ്കിൽ ഇതുസംബന്ധിച്ച തീരുമാനം എടുത്തത് ആരായിരുന്നെന്ന് അറിയിക്കാമോ;

(എഫ്) മുറികളുടെ ലേലവും കരാറും മറ്റു നടപടിക്രമങ്ങളും നഗരസഭയിലെ ഏതു വിഭാഗത്തിലാണ് നടന്നത്;

(ജി) ഇതിനായി കൗൺസിൽ ചുമതലപ്പെടുത്തിയിരുന്ന ജീവനക്കാർ ആരെല്ലാമായിരുന്നുവെന്നും അവരുടെ ഔദ്യോഗിക തസ്തികകളും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ആലപ്പുഴ നഗരസഭ വക ഇ.എം.എസ്. സ്റ്റേഡിയത്തിലെ കടമുറികൾ കൗൺസിൽ നിശ്ചയിച്ച ഡെപ്പോസിറ്റിലും വാടകയിലും എടുക്കുവാൻ താല്പര്യമുള്ള വ്യക്തികൾക്കായി പത്രപരസ്യം നൽകി ലേലം നടത്തിയിട്ടും ആരും പങ്കെടുക്കാത്ത സാഹചര്യത്തിൽ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഓഫറുകൾ സമർപ്പിച്ച മുറ്റ് ഏതാനും വ്യക്തികൾക്ക് മുറി അനുവദിച്ച് നൽകിയിട്ടുണ്ട്. മുറി അനുവദിക്കപ്പെട്ട ആളുകളുടെ പേര്, മുറിയുടെ വിസ്തീർണ്ണം, റൂം നമ്പർ, വാടക സംബന്ധിച്ച വിവരം എന്നിവ അനുബന്ധം(1)-ൽ* ഉൾക്കൊള്ളിച്ചിരിക്കുന്നു. അപേക്ഷ, തീയതി, മുറി അനുവദിച്ച തീയതി എന്നിവ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) 24-12-2013-ലെ കൗൺസിലിന്റെ 2-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് വാടകയും, ഡെപ്പോസിറ്റും തീരുമാനിക്കുന്നത്. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ സൂപ്രണ്ടാണ് കടമുറികൾ അനുവദിക്കുന്നത്. കൗൺസിൽ തീരുമാനം, മിനിറ്റ്സ് എന്നിവ സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി&ഇ) 30-7-2005-ലെ 36276/ബി1/05/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവനുസരണം ഇ.എം.എസ്. സ്റ്റേഡിയവുമായി ബന്ധപ്പെട്ട ബൈലോയിൽ 9-ാം ഖണ്ഡികയിൽ 250 രൂപ മുദ്രപത്രത്തിൽ കരാർ തയ്യാറാക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഇക നിശ്ചയിച്ചിട്ടുള്ളത്.

(എഫ്&ജി) റവന്യൂ വിഭാഗത്തിൽ ഇതിനായി കൗൺസിൽ ചുമതല പെടുത്തിയിരുന്നത് മുനിസിപ്പൽ സെക്രട്ടറി, റവന്യൂ സൂപ്രണ്ട് എന്നിവരെയായിരുന്നു.

**നാഷണൽ അർബൻ ലൈവ്ലിഹുഡ് മിഷൻ പദ്ധതി**

104 (1575) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിൽ സ്വന്തമായി പാർപ്പിടമില്ലാത്തവർക്കുവേണ്ടി ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly